**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1283** **10-08-2017 ൽ മറുപടിക്ക്**

**നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ ഈരാറ്റിൻപുറം ടൂറിസ്റ്റ് പദ്ധതി**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.ആൻസലൻ | | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പെരുമ്പഴുതൂർ വില്ലേജിലെ ഈരാറ്റിൻപുറം ടൂറിസ്റ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് പദ്ധതി പ്രദേശത്തെ പുറംപോക്ക് ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിന് നെയ്യാറ്റിൻകര താലൂക്ക് ഓഫീസർക്ക് നെയ്യാർ ഇറിഗേഷൻ വിഭാഗം നൽകിയ കത്ത് അനുസരിച്ച് എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പെരുമ്പഴുതൂർ വില്ലേജിലെ ഈരാറ്റിൻപുറം ടൂറിസ്റ്റ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രദേശത്തെ പുറമ്പോക്ക് ഭൂമി അളന്നു തിട്ടപ്പെടുത്തുന്നതിനായി നെയ്യാറ്റിൻകര താലൂക്ക് സർവ്വെയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) ഈരാറ്റിൻപുറം പ്രദേശത്തെ പുറംപോക്കു ഭൂമി കണ്ടെത്തി അതിർത്തി തിരിക്കുന്നത് വൈകിപ്പിച്ചതിന്റെ പേരിൽ നടപടി സ്വീകരിക്കാൻ കഴിയുമോ ; | (ബി) | ഈരാറ്റിൻപുറം പ്രദേശത്തെ പുറംപോക്കു ഭൂമി കണ്ടെത്തി അതിർത്തി തിരിക്കുന്നതിനുള്ള നടപടി നടന്നു വരുന്നു. സർവ്വെയർമാരുടെ കുറവ് സർവ്വെ നടപടികൾ വൈകാൻ കാരണമാകുന്നുണ്ട്. |
| (സി) ഇതിന്റെ ചുമതല ആർക്കാണ് നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ? | (സി) | നെയ്യാറ്റിൻകര തഹസിൽദാർ (ഭൂരേഖ)യാണ് സർവ്വെ നടപടികൾക്ക് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ. |

സെക്ഷൻ ഓഫീസർ